"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ ചൂലൂർ എ.യു.പി.സ്കൂളിലെ ജൂനിയർ അറബിക് (പാർട്ട് ടൈം) അദ്ധ്യാപിക ശ്രീമതി നസീമ ബീവി.സി.യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

G.O.(Rt) No.3153/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:- 1. ചൂലൂർ എ.യു.പി. സ്കൂൾ മാനേജരുടെ 08.09.2025 ലെ റിവിഷൻ ഹർജി.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.10.2025 ലെ ജി3/21165/2025/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട്.

3. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19.11.2025 ലെ DEOTSY/2327/2025-B4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചൂലൂർ എ.യു.പി.സ്കൂളിലെ ജൂനിയർ അറബിക് (പാർട്ട് ടൈം) അദ്ധ്യാപിക ശ്രീമതി നസീമ ബീവി.സി.യുടെ നിയമനം 06.02.2019 മുതൽ 05.02.2021 വരെ നോഷണലായും 06.02.2021 മുതൽ റെഗുലറായും അംഗീകരിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സ്കൂൾ മാനേജർ റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി 14.10.2025 തീയതിയിൽ ഓൺലൈൻ ഹിയറിംഗ് നടത്തുകയുണ്ടായി.

2. ഹിയറിംഗ് വേളയിൽ സ്കൂൾ മാനേജർ താഴെ പറയും പ്രകാരം വാദിച്ചു.

i. സ്കൂളിൽ 2019-20 വർഷം ഉണ്ടാകുവാൻ സാധ്യതയുള്ള അധിക ജൂനിയർ അറബിക് പാർട്ട് ടൈം തസ്തികയിൽ 06-06-2019 മുൽ ശ്രീമതി. നസീമാബീവി സി.യെ നിയമിച്ചു. നിയമനം അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ച് സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന് സൂചിപ്പിച്ച് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും അതിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് പ്രകാരം 2016-17 വർഷം മുതൽ അധിക തസ്തികയിൽ 1:1 അനുപാതം പാലിക്കണം എന്ന വ്യവസ്ഥ കെ.ഇ.ആർ. ഭേദഗതി വരുത്തി പ്രാബല്യത്തിൽ വരുത്തി. അതു പ്രകാരം 2016-17 വർഷം മുതൽ ആദ്യത്തെ അധിക തസ്തിക സർക്കാരിൽ നല്കേണ്ടതാണ് എന്ന് വ്യക്തമാണ്. എന്നാൽ 2016-17 മുതൽ 2019-20 വർഷം വരെ സർക്കാരിലേക്ക് നല്കേണ്ട അധിക തസ്തികകളിൽ മാനേജർമാർ ചട്ടങ്ങൾക്കും

ഇളവുകൾക്കും അനുസൃതമല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം നിയമനങ്ങൾ 1:1 അനുപാതം സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിക്കു വിധേയമായി ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്താവന നല്കുന്ന മുറക്ക് നിയമന തീയതി മുതൽ 05-02-2021 വരെ നോഷണലായും 06-02-2021 മുതൽ റഗുലറായും അംഗീകരിക്കാമെന്ന് GO P 04/2021/GEDN ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ മാനേജർ 26-05-2025ന് സത്യപ്രസ്താവന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ നല്കുകയും പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സത്യപ്രസ്താവന പരിഗണിക്കാതെയാണ് 06-06-2019 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. നസീമാബീവി. സി. യുടെ നിയമനാംഗീകാര റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുള്ളത് എന്ന് അങ്ങയെ സവിനയം അറിയിക്കുന്നു. ശ്രീമതി. നസീമാബീവി. സി. യെ നിയമിച്ചത് 2019-20 വർഷം അനുവദിക്കപ്പെട്ട അധിക തസ്തികയിൽ ആയിരുന്നതിനാലും മാനേജർ സൂചന (2) ഗവ. ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ സത്യപ്രസ്താവന നല്കിയതിനാലും ശ്രീമതി. നസീമാബീവി. സി. യുടെ 06-06-2019 മുതൽക്കുള്ള നിയമനം 06-06-2019 മുതൽ 05-02-2021 വരെ നോഷണലായും 06-02-2021 മുതൽ റഗുലറായും നിലവിലെ ഭിന്നശേഷി സംവരണ നിയമപ്രകാരം അംഗീകരിക്കുവാൻ കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി റിവിഷൻ അപ്പീൽ അനുവദിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. സ്കൂളിൽ 2022-23 വർഷം ലഭ്യമായ ഒരു യു.പി.എസ്.ടി. തസ്തിക ഭിന്നശേഷി വിഭാഗക്കാർക്കായി മാറ്റിവെക്കുകയും അതിൽ നിയമിച്ച അധ്യാപികക്ക് ദിവസ വേതനനിരക്കിൽ നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

3. <u>കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറും താഴെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി.</u>

i. സർക്കാർ ഉത്തരവ് (പി) 29/2016 പൊ .വി .വ (ജെ) തീയതി .29-1-16 ഉത്തരവ് പ്രകാരം അധിക തസ്തികയിൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും നിലവിലുള്ള ഉത്തരവുകളുടെ വെളിച്ചത്തിലും 06.06.2019 മുതൽ ശ്രീമതി .നസീമ ബീവി. സി -യെ പ്രബേഷനറി ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം അറബിക് (ശമ്പള സ്കെയിൽ :18000 -41500 ) അദ്ധ്യാപികയായുള്ള നിയമനം നിരസിച്ച് ഉത്തരവായി. ടി അധ്യാപിക യുടെ നിയമനവുമായി ബന്ധപ്പെട്ട 04/2021 പൊതു വിദ്യാഭ്യാസ വകുപ്പ് തിയ്യതി 06/02/2021 ( അപേക്ഷ പുനഃ പരിശോധിച്ച് പ്രസ്തുത അധ്യാപികക്ക് നിയമനം നൽകണമെന്നാണ് അങ്ങേക്ക് നൽകിയ റിവിഷൻ ഹർജിയിൽ മാനേജർ ആവശ്യപ്പെട്ടിരിക്കുന്നത് .എന്നാൽ ടി അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിലേക്കായി 06/02/2021 ലെ സ.ഉ. (പി) നം.4/2021/പൊ.വി.വ,, 26/02/2021 ലെ സർക്കുലർ, നം.എച്2/19500/2021/DGE ഉത്തരവ് എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ടെന്ന് / ഭാവിയിലുണ്ടാവുന്ന ഒഴിവുകൾ മാറ്റിവെക്കുന്നതാണെന്നുള്ള ശരിയായ മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ മുൻ കാലങ്ങളിൽ ഈ ഓഫീസിൽ ഹാജരാക്കിയിരുന്നില്ല. എന്നാൽ മാനേജർ 26/05/2025 ന ടി അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിലേക്കായി 06/02/2021 സ.ഉ(പി)നം.4/2021/പൊ.വി.വ, 26/02/2021ലെ സ.ഉ. (പി)നം.4/2021/പൊ.വി.വ., സർക്കുലർ നം.എച്2/19500/2021/DGE എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി കെ.ഇ.ആർ അധ്യായം 21 ചട്ടം 7(2)

പ്രകാരമുള്ള സംരക്ഷിതാധ്യാപക വ്യവസ്ഥകൾ ബഹു സുപ്രീം കോടതി, ബഹു ഹൈകോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്നുള്ള സത്യപ്രസ്താവന ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സത്യപ്രസ്താവന സമർപ്പിച്ച സമയത്ത് ശ്രീമതി നസീമ ബീവിയുടെ നിയമന അപേക്ഷ നിരസിച്ചതിന്മേലുള്ള അപ്പീൽ പൊതുവിദ്യഭ്യാസ ഡയറക്ടറുടെ സമക്ഷം ആയതിനാലാണ് ടി നിയമന അപേക്ഷ റീ ഓപ്പൺ ചെയ്തു പരിശോധിക്കാതിരുന്നത് . മാനേജർ 26/05/2025 ന്ന സത്യപ്രസ്താവന ഈ ഓഫീസിൽ സമർപ്പിച്ചതിനാൽ 2019-20 വർഷത്തിൽ അധികമായി അനുവദിച്ച അറബിക് പാർട്ട് ടൈം തസ്തിക യിൽ 06.06.2019 മുതൽ നിയമിതയായ ശ്രീമതി നസീമ ബീവി. സി യുടെ നിയമനം 06/06/2019 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പളവും മറ്റു ആനുകൂല്യത്തോടെയും ഭിന്നശേഷി നിയമനവ്യവസ്ഥക്ക് വിധേയമായി അംഗീകരിച്ച് നൽകുന്നതിന് നിലവിൽ തടസങ്ങൾ ഇല്ലെന്നുള്ള വിവരം അങ്ങയെ അറിയിച്ചുകൊള്ളുന്നു .

4. <u>പൊതു വിദ്യാഭ്യാസ ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്</u>.

i. അധിക തസ്തികയിൽ സംരക്ഷിത അധ്യാപികയെ ആണ് നിയമിക്കേണ്ടത് എന്നതിനാൽ പ്രസ്തുത നിയമന അംഗീകാരം നിരസിക്കപ്പെട്ടിരുന്നു എന്നും എന്നാൽ 2016-17 മുതൽ 2019-20 വരെ സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥ പാലിക്കാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ ക്രമീകരിക്കുന്നതിലെക്കായി സർക്കാർ പുറപ്പെടുവിച്ച 06/02/2021..ലെ GO P No.4/2021/. 26/02/2021 ലെ നം.എച്ച്2/19500/2021/DGE എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി കെ.ഇ.ആർ അധ്യായം 21 ചട്ടം 7(2) പ്രകാരമുള്ള സംരക്ഷിതാധ്യാപക വ്യവസ്ഥകൾ ബഹു സുപ്രീം കോടതി, ബഹു ഹൈകോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്നുള്ള സത്യപ്രസ്താവന ഉപജില്ല വിദ്യഭ്യാസ ഓഫീസിൽ മാനേജർ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായ സാഹചര്യത്തിൽ ശ്രീമതി നസീമ ബീവി. സി യുടെ നിയമനം 06/02/21 ലെ സ.ഉ.നം.4/2021/പോ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലും 15.07.2019 ഭിന്നശേഷി നിയമനവ്യവസ്ഥക്ക് വിധേയമായും അംഗീകരിക്കാവുന്നതാണ്.

5. ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. സ്കൂളിൽ 2019-20 വർഷം ഉണ്ടാകുവാൻ സാധ്യതയുള്ള അധിക ജൂനിയർ അറബിക് പാർട്ട് ടൈം തസ്തികയിൽ 06-06-2019 മുൽ ശ്രീമതി. നസീമാബീവി സി.യെ നിയമിച്ചു. സർക്കാർ ഉത്തരവ് (പി) 29/2016 പൊ.വി.വ (ജെ) തീയതി. 29-1-16 ഉത്തരവ് പ്രകാരം അധിക തസ്തികയിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചില്ല എന്ന കാരണത്താലാണ് നിയമനം അംഗീകാരം വിദ്യാഭ്യാസ വകുപ്പ് അധികൃതർ നിരസിച്ചത്. എന്നാൽ 2016-17 മുതൽ 2019-20 വർഷം വരെ സർക്കാറിലേക്ക് നല്കേണ്ട അധിക തസ്തികകളിൽ മാനേജർമാർ ചട്ടങ്ങൾക്കും ഇളവുകൾക്കും അനുസൃതമല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം നിയമനങ്ങൾ 1:1 അനുപാതം സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിക്കു വിധേയമായി ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സംരക്ഷിത അധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്താവന നല്കുന്ന മുറക്ക് നിയമന തീയതി മുതൽ 05-02-2021 വരെ നോഷണലായും 06-02-2021 മുതൽ റഗുലറായും അംഗീകരിക്കാമെന്ന്

GO P 04/2021/GEDN ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ മാനേജർ 26-05-2025ന് സത്യപ്രസ്താവന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ നല്കുകയും പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നല്കുകയും ചെയ്തിട്ടുണ്ട് എന്നും എന്നാൽ മേൽ സത്യപ്രസ്താവന പരിഗണിക്കാതെയാണ് 06-06-2019 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. നസീമാബീവി. സി. യുടെ നിയമനാംഗീകാര റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുള്ളത് എന്നുമാണ് മാനേജർ വാദിക്കുന്നത്. ശ്രീമതി നസീമ ബീവിയുടെ നിയമന അപേക്ഷ നിരസിച്ചതിന്മേലുള്ള അപ്പീൽ പൊതുവിദ്യഭ്യാസ ഡയറക്ടറുടെ സമക്ഷം ആയിരുന്ന സമയത്ത് മാനേജർ 26/05/2025 ന്റെ മേൽ വിവരിച്ച പ്രകാരമുള്ള സത്യപ്രസ്താവന കുന്നമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിരുന്നു എന്ന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഉപജില്ലയിൽപെട്ട ചൂലൂർ എ.യു.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം അറബിക് അദ്ധ്യാപികയായ ശ്രീമതി. നസീമ ബീവി. സി യുടെ നിയമനം 25/02/2021 തീയതിയിലെ ജെ2/87/2020 നമ്പർ സർക്കാർ കത്ത് ഖണ്ഡിക 2 പ്രകാരം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ 06/02/2021 തീയതിയിലെ സ.ഉ.(അച്ചടി) നം. 04/2021/പൊ.വി.വ. യിൽ പരാമർശിച്ച പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക്, നിയമന തീയതി മുതൽ 05-02-2021 വരെ നോഷണലായും 06-02-2021 മുതൽ ശമ്പളവും മറ്റു ആനുകൂല്യത്തോടെയും ഭിന്നശേഷി നിയമനവ്യവസ്ഥക്ക് വിധേയമായി അംഗീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കുന്നമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
ADDITIONAL SECRETARY

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി, കോഴിക്കോട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്ദമംഗലം, കോഴിക്കോട്.
മാനേജർ,ചൂലൂർ എ.യു.പി.സ്കൂൾ, കുന്ദമംഗലം, കോഴിക്കോട്.
ശ്രീമതി. നസീമ ബീവി.സി., ജൂനിയർ അറബിക് പാർട്ട് ടൈം ടീച്ചർ, ചൂലൂർ എ.യു.പി.സ്കൂൾ, കുന്ദമംഗലം, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 08-05-2026 16:13:57**
സെക്ഷൻ ഓഫീസർ